"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് - 2011-2012 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- ഖണ്ഡിക 3.5 – ' സമഗ്ര നാളീകേര ക്ലസ്റ്റർ ' പദ്ധതി - മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് വാർഡുകളിൽ ക്ലസ്റ്ററുകൾ സർവ്വേ ചെയ്തത് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.1333/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/07/2020

പരാമർശം:- 1 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08/07/2015 ലെ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 31/10/2015 ലെ M3/32513/15 നമ്പർ കത്ത്.

3 സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29/03/2016 ലെ KSA/15819/15/PT1 നമ്പർ കത്ത്

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ 2011-2012 വർഷം പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ' സമഗ്ര നാളീകേര ക്ലസ്റ്റർ ' എന്ന പദ്ധതി പ്രകാരം വാർഡുകളിൽ ക്ലസ്റ്ററുകൾ സർവ്വേ ചെയ്യുന്നതിനായി ചെലവുചെയ്ത 34,500/- രൂപ ( മുപ്പത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം ) 2011-2012 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം നിരാകരിച്ചിരുന്നു.

2. പദ്ധതിയുടെ ഭാഗമായി 1000 തെങ്ങുകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ ഓരോ വാർഡിലും ശരാശരി ഉള്ള 4500-5000ന് മേൽ തെങ്ങുകളിൽ നിന്നും 1 0 0 0 തെങ്ങുകൾ തിരഞ്ഞെടുക്കേണ്ടിയിരുന്നതിനാലും, മുൻ വർഷം ആനുകൂല്യം നൽകിയ 2000 തെങ്ങുകൾ വീണ്ടും ഉൾപ്പെടാതിരിക്കുന്നതിനും ടി. പദ്ധതിയിൽ സർവ്വേ നടപടി അനിവാര്യമായിരുന്നെന്നും കൂടാതെ രോഗബാധ, കീടങ്ങൾ, ഇടിവെട്ട് തുടങ്ങിയ വിവിധ കാരണങ്ങളാൽ ഓരോ വർഷവും തെങ്ങിന്റെ എണ്ണത്തിൽ ആനുപാതികമായ കുറവ് വരുന്നതിനാൽ ഓരോ വർഷവും പദ്ധതി നടത്തിപ്പിന് നിരന്തരമായ മോണിറ്ററിംഗ് അതാവശ്യമായിരുന്നതിനാലുമാണ് സർവ്വേ നടത്തേണ്ടിവന്നതെന്നും, വിശദമായ സർവ്വെയുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കിയതിനാൽ നാളികേരോല്പാദനം വർദ്ധിച്ചിട്ടുണ്ടെന്നും പദ്ധതി വിജയകരമായിരുന്ന സാഹചര്യത്തിൽ ക്ലസ്റ്ററുകൾ സർവ്വേ ചെയ്യുന്നതിനായി 34,500/- രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നല്കണമെന്നും പഞ്ചായത്ത് ഭരണസമിതി 09/06/2015 ൽ കൂടിയ യോഗത്തിലെ VI (1) - ാം നമ്പർ തീരുമാന പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നതും, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 21/07/2015 ലെ യോഗത്തിലെ IX-ാം നമ്പർ അനുകൂല ശിപാർശ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടെ പരാമർശം (2) പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്നു.

3. തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിലെ 2011-2012 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഡയറക്ടറുടെയും ശിപാർശകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (3)പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാളികേരത്തിന്റെ വിവരശേഖരണം ലക്ഷ്യമാക്കി നടത്തിയ സർവ്വേ ഫലപ്രദമായിരുന്നുവെന്നും, ഇതുവഴി നാളികേരത്തിന്റെ ഉൽപ്പാദനക്ഷമതയ്ക്ക് മാറ്റമുണ്ടായിട്ടുണ്ടെന്നുമുള്ള റിപ്പോർട്ടുകൾ പരിഗണിച്ച്, സദുദ്ദേശത്തോടെ നടപ്പിലാക്കിയ ഒരു പ്രോജക്ടാണിതെന്ന് വിലയിരുത്തി, തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ 2011-2012 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം നിരാകരിച്ചിട്ടുള്ള, പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ' സമഗ്ര നാളീകേര ക്ലസ്റ്റർ ' എന്ന പദ്ധതി പ്രകാരം വാർഡുകളിൽ ക്ലസ്റ്ററുകൾ സർവ്വേ ചെയ്യുന്നതിനായി 34,500/- രൂപ ( മുപ്പത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം ) ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAISY PAUL

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

സെക്രട്ടറി, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

ഇൻഫർമേഷൻ കേരള മിഷൻ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡെപ്യൂട്ടി ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ